13 (587) ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര എണ്ണം കഴിഞ്ഞ സാമ്പത്തികവർഷം ലാഭത്തിൽ പ്രവർത്തിച്ചിരുന്നു, ഈ സാമ്പത്തികവർഷം എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ലാഭത്തിൽ പ്രവർത്തിച്ചിരുന്ന എത്ര സ്ഥാപനങ്ങൾ ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു;

(സി) കഴിഞ്ഞ സാമ്പത്തികവർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന എത്ര സ്ഥാപനങ്ങൾ ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 24 എണ്ണം കഴിഞ്ഞ സാമ്പത്തികവർഷം ലാഭത്തിൽ പ്രവർത്തിച്ചിരുന്നു.

(ബി)&(സി) ഈ സാമ്പത്തിക വർഷത്തെ കണക്കുകൾ പൂർത്തിയാക്കാത്തതിൽ ഇപ്പോൾ ലാഭത്തിലോ, നഷ്ടത്തിലോ പ്രവർത്തിക്കുന്ന കമ്പനികളുടെ വിവരങ്ങൾ ലഭ്യമല്ല.

14 (589) പുതിയ വ്യവസായങ്ങൾ

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി പൊതുമേഖലയിലും സഹകാര്യമേഖലയിലും എത്ര വ്യവസായങ്ങൾ ആരംഭിച്ചു;

(ബി) വിദേശസഹായം ഏതെല്ലാം വൻകിട വ്യവസായങ്ങൾക്ക് ലഭ്യമായിട്ടുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ഐ.ഡി.സി. യുടെ പരിധിയിൽ പുതുതായി ഒരു വ്യവസായം പൊതുമേഖലയിലും 159 വ്യവസായങ്ങൾ സഹകാര്യമേഖലയിലും ആരംഭിക്കുകയുണ്ടായി. കിൻഫ്രയുടെ എറണാകുളത്തുള്ള കിൻഫ്ര എക്സ്പോർട്ട് പ്രമോഷൻ ഇൻഡസ്ട്രിയൽ പാർക്കിൽ കേരള കെമിക്കൽസ് ആന്റ് പ്രൊട്ടീൻസ് ലിമിറ്റഡ് എന്ന കമ്പനി സഹകാര്യമേഖലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിൽ പൊതുമേഖലയിൽ പുതുതായി വ്യവസായ സംരംഭങ്ങളൊന്നും ആരംഭിച്ചിട്ടില്ല. ടെക്നോപാർക്കിൽ ഈ കാലയളവിൽ 32 വ്യവസായങ്ങൾ സഹകാര്യമേഖലയിൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറുടെ പരിധിയിൽ സഹകാര്യമേഖലയിൽ 72195 ചെറുകിട വ്യവസായ യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly